LIBRARY ARCHIVES Kerala Legislative Assembly

അന്ത്യോദയ, അന്നയോജന പദ്ധതികളുടെ ആനുകൂല്യങ്ങൾ

49 [1056] ശ്രീ. എ. സുജനപാൽ:
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, വർക്കല കഹാർ:
,, പി. ജെ. ജോയി:
,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ത്യോദയ, അന്നയോജന പദ്ധതിപ്രകാരം സംസ്ഥാനത്ത് എത്രപേർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്;

(ബി) ഓരോ പദ്ധതിയനുസരിച്ച് കൊടുക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) അന്ത്യോദയ അന്നയോജന (എ.എ.വൈ.) എന്നത് ഒറ്റ പദ്ധതിയാണ്. ഈ പദ്ധതിപ്രകാരം 3,54,998 കുടുംബങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നുണ്ട്.

(ബി) അന്ത്യോദയ അന്നയോജന പദ്ധതിപ്രകാരം ഓരോ ഗുണഭോക്തൃ കുടുംബത്തിനും പ്രതിമാസം 35 കിലോഗ്രാം അരി, കിലോഗ്രാമിന് 3 രൂപ നിരക്കിൽ വിതരണം നടത്തിവരുന്നു.

റേഷൻ കാർഡിലെ അപാകതകൾ പരിഹരിക്കാൻ നടപടി

50 [1057] ശ്രീ. കോവൂർ കുഞ്ഞുമോൻ:
,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളിതുവരെ വിതരണം ചെയ്ത റേഷൻ കാർഡുകൾ എത്രയെന്നും അതിൽ ബി.പി.എൽ., എ.പി.എൽ. എന്നിവ എത്ര വീതമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) എ.പി.എൽ., ബി.പി.എൽ. തരംതിരിക്കുന്നതിന് സർക്കാർ സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വെളിപ്പെടുത്താമോ;

(സി) അർഹരായ ബി.പി.എൽ.-കാർക്ക് ആയത് ലഭ്യമാക്കുന്നതിനും അനർഹരായവർക്കുള്ളത് റദ്ദ് ചെയ്യുന്നതിനും എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) റേഷൻ കാർഡുകളിലെ തെറ്റ് തിരുത്തുന്നതിനുള്ള പരാതികൾ പരിഹരിക്കുന്നത് അനിശ്ചിതമായി നീളുന്നതുകൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ അദാലത്തുകൾ സംഘടിപ്പിക്കുമോ;

(ഇ) റേഷൻ കാർഡിലെ അപാകതകൾ പരിഹരിക്കുവാൻ നിലവിൽ എന്ത് നടപടി സ്വീകരിച്ചിരിക്കുന്നു എന്ന് വെളിപ്പെടുത്താമോ?